## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3824** 11.11.2019-ൽ മറുപടിയ്ക്ക്

### അച്ചടിയും സ്റ്റേഷനറിയും വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ. ഡി.കെ. മുരളി** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അച്ചടിയും സ്റ്റേഷനറിയും വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നൽകാമോ? | (എ) | **അച്ചടി വകുപ്പ്**<br>* വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ജീവനക്കാർക്കും പൊതുജനങ്ങൾക്കും മറ്റു കാര്യാലയങ്ങൾക്കും യഥാസമയം ലഭ്യമാക്കുന്നതിനായി 08/03/2019 മുതൽ അച്ചടി വകുപ്പിന്റെ വെബ്സൈറ്റ് (www.printing.kerala.gov.in) നിലവിൽ വന്നു.<br>* ഗവൺമെന്റ് പ്രസ്സുകളുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>* അച്ചടി വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് പ്രസ്സുകളിൽ നിന്നും ഉപയോഗശൂന്യമായ സാമഗ്രികൾ MSTC വഴി ലേലം ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുന്നതിന് 23/05/2017 ലെ സ.ഉ.(സാധാ) 933/17/ഉ.വിവ. ഉത്തരവ് പ്രകാരം അനുമതി ലഭിക്കുകയും അതനുസരിച്ച് 7,84,86,197/- രൂപയ്ക്ക് ടി ഉപയോഗശൂന്യമായ സാധനങ്ങൾ വിൽക്കുവാൻ സാധിക്കുകയും ചെയ്തു.<br>* അച്ചടി വകുപ്പ് ഡയറക്ടറേറ്റിലും മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും ISO 9001-2015 |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു. ടി രണ്ട് കാര്യാലയങ്ങളിലും താമസംവിനാ ISO 9001-2015 സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമാണ്.<br><br>* അച്ചടി വകുപ്പിന്റെ ഡിജിറ്റലൈസേഷന്റെ ഭാഗമായി നടപ്പിലാക്കുന്ന COMPOSE പ്രോജക്റ്റിന്റെ ഭാഗമായി 01/06/2019 മുതൽ അസാധാരണ ഗസറ്റുകൾ ഓൺലൈനിൽ പ്രസിദ്ധീകരിച്ചു തുടങ്ങി. കൂടാതെ ആഴ്ച തോറും പ്രസിദ്ധീകരിക്കുന്ന കേരള ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ട്രയൽ റൺ നടന്നുവരുന്നു.<br><br>**<u>സ്റ്റേഷനറി വകുപ്പ്</u>**<br><br>* *TERMS Software:-* വകുപ്പിൽ നിലവിൽ സ്റ്റേഷനറി സംഭരണ-വിതരണങ്ങൾക്കായി ഉപയോഗിച്ചുവന്നിരുന്ന E-mist Software പരിഷ്കരിച്ച് സ്റ്റേഷനറി വകുപ്പിന്റെ മുഴുവൻ കൺസ്യൂമർ ഓഫീസുകളേയും ഉൾക്കൊള്ളുന്നതും, വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതുമായ ഇൻവെന്ററി മാനേജ്മെന്റ് സോഫ്റ്റ് വെയർ TERMS Software (Total Enterprises Resource Management System) സുഗമവും കാര്യക്ഷമമായും 2019 ഏപ്രിൽ മാസത്തോടെ സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് വഴി വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് Online ആയിത്തന്നെ വൗച്ചർ സമർപ്പിക്കുവാനും, അവർക്ക് സൗകര്യപ്രദമായ രീതിയിലും സമയത്തും തടസ്സങ്ങൾ ഇല്ലാതെ സ്റ്റേഷനറി വകുപ്പിന്റെ സേവനം ലഭ്യമാക്കുന്നതിനും സാധിക്കുന്നുണ്ട്.<br><br>* *ഡോർ ഡെലിവറി-* Online വൗച്ചർ സംവിധാനം പ്രയോജനപ്പെടുത്തി, പാലക്കാട് |

| | | | |
|---|---|---|---|
| | | | ജില്ലയിൽ പാലക്കാട് സിവിൽ സ്റ്റേഷൻ, ആലത്തൂർ, മണ്ണാർക്കാട്, ചിറ്റൂർ എന്നിവിടങ്ങളിൽ ഡോർ ഡെലിവറി സംമ്പ്രദായത്തിൽ സ്റ്റേഷനറി വിതരണം 2018-19 കാലയളവിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിരുന്നു.<br>* *E-office*: - 2019 ഫെബ്രുവരി മാസത്തോടെ സ്റ്റേഷനറി വകുപ്പിൽ ഫയൽ നീക്കം പൂർണ്ണമായും E-office സംവിധാനത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ട്.<br>**സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി*:- വകുപ്പിനെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br>* 2018-ൽ കോഴിക്കോട് മേഖലാ സ്റ്റേഷനറി ഓഫീസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>* വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് പുതിയ മന്ദിരവും ഗോഡൗണും നിർമ്മിക്കുന്നതിനായി 20 സെന്റ് റവന്യൂ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ